പുതുക്കിയ മറുപടി

## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1391 — 03.12.2018-ൽ മറുപടിയ്ക്ക്

### ഉദുപുരം പെട്രോൾപമ്പിന് നൽകിയ എൻ.ഒ.സി.

ചോദ്യം :

ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

മറുപടി :

ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

(എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് പാണത്തൂർ സ്റ്റേറ്റ് ഹൈവേയിൽ ഉദുപുരത്തിനടുത്ത് പുതിയ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് എൻ.ഒ.സി നൽകിയിട്ടുണ്ടോ; ഈ എൻ.ഒ.സി ഉത്തരവിൽ ഏതെങ്കിലും നിബന്ധന വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്താണെന്ന് വിശദമാക്കാമോ ;

(എ) കാസർഗോഡ് ജില്ലാ കളക്ടറ്റിൽ നിന്നും ഡി3-34389/17 ആയി 17-03-2018 ൽ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് നിരാക്ഷേപ പത്രം അനുവദിച്ചിട്ടുണ്ട്. പമ്പ് സ്ഥാപിക്കുന്ന സ്വകാര്യ ഭൂമിയോട് ചേർന്ന് കിടക്കുന്ന സർക്കാർ ഭൂമിക്ക് പാട്ടം അനുവദിച്ച ശേഷം മാത്രം പമ്പിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കണം എന്ന വ്യവസ്ഥയിലാണ് നിരാക്ഷേപ പത്രം അനുവദിച്ചത്.

(ബി) ഇത്തരത്തിൽ സംസ്ഥാനത്ത് പെട്രോൾ പമ്പ് സ്ഥാപിക്കാൻ കണ്ടീഷണൽ എൻ.ഒ.സി എന്ന അനുമതി നൽകാറുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പെട്രോളിയം ആക്ട് & റൂൾസ് പ്രകാരമുള്ള നിബന്ധനകൾ ഉൾപ്പെടുത്തിയാണ് സാധാരണയായി പെട്രോൾ പമ്പുകൾക്ക് എൻ.ഒ.സി നൽകി വരുന്നത്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ പെട്രോൾ പമ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മേൽ പറഞ്ഞ നിബന്ധനകൾക്ക് പുറമേ ചില പ്രത്യേക നിബന്ധനകൾ കൂടി ഉൾപ്പെടുത്തി എൻ.ഒ.സി അനുവദിച്ച് വരുന്നുണ്ട്. ഉദാഹരണമായി പമ്പ് തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലം തീരപ്രദേശങ്ങളോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നതെങ്കിൽ തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി കൂടി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ എന്നുള്ള തരത്തിലുള്ള നിബന്ധന കൂടി ഉൾപ്പെടുത്താറുണ്ട്.

(സി) ഈ നൽകിയ എൻ.ഒ.സി ക്കെതിരെ ഒരു സ്വകാര്യ വ്യക്തി നൽകിയ

(സി) ഉത്തരമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടർ അന്വേഷണം നടത്തി

| | | |
|---|---|---|
| | പരാതിയുടെ അടിസ്ഥാനത്തിൽ റവന്യൂ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | 10/08/2018-ൽ സി-328/2018-ാം നമ്പരായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | അന്വേഷണത്തിൽ ചട്ടവിരുദ്ധമായ എന്തൊക്കെ നടപടികളാണ് വിജിലൻസ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) ഉത്തരമേഖലാ റവന്യൂ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ അന്വേഷണ റിപ്പോർട്ടിലെ ശിപാർശകൾ ചുവടെ ചേർക്കുന്നു.<br>1. പട്ടയ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടാണ് ഭൂമിയിൽ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് അനുവാദം നൽകിയിരിക്കുന്നത്.<br>2. കാഞ്ഞങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെയും വെള്ളരിക്കുണ്ട് തഹസിൽദാരുടെയും ശിപാർശകൾ മറികടന്ന് എ.ഡി.എം. നിരാക്ഷേപ പത്രം അനുവദിച്ചു.<br>3. നിർദ്ദിഷ്ട സ്ഥലത്തേക്ക് ലീസ് മുഖേന എ.ഡബ്ല്യൂ ഭൂമി ലഭിക്കാതെ തന്നെ പെട്രോൾ ബങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന സ്ഥിതി ഉണ്ടായി.<br>4. എ.ഡി.എം, എൻ.ഒ.സി നൽകിയതു മൂലം വളരെയധികം വിലമതിക്കുന്ന സർക്കാർ എ.ഡബ്ല്യൂ. ഭൂമി സർക്കാരിന് നഷ്ടപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചു.<br>5. പെട്രോൾ ബങ്കിന്റെ നിർമ്മാണ പ്രവൃത്തികൾ, ലീസ് അനുവദിക്കുന്നതിനും മുമ്പ് തന്നെ ആരംഭിക്കുകയും ടി വിഷയം പരാതിയായി എ.ഡി.എം. ന് ലഭിച്ചിട്ടും അദ്ദേഹം നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ ഉത്തരവ് നൽകിയില്ല. |
| (ഇ) | റവന്യൂ വിജിലൻസിന്റെ അന്വേഷണത്തിന്റെ ഭാഗമായി ക്രമവിരുദ്ധമായി നൽകിയ എൻ.ഒ.സി ക്യാൻസൽ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ഇല്ലെങ്കിൽ നൽകാതിരിക്കാനുള്ള കാരണം വിശദമാക്കാമോ; | (ഇ) നിയമപരമല്ലാതെ സർക്കാർ ഭൂമി, വഴി സൗകര്യം ആയി ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടന്ന് വരുന്നത് നിറുത്തി വയ്ക്കുന്നതിനും എ.ഡബ്ല്യൂ ഭൂമി ഉപയോഗിക്കുന്നതിൽ നിന്നും കക്ഷിയെ തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| എഫ്) | റവന്യൂ വിജിലൻസിന്റെ കണ്ടെത്തൽ മറികടന്ന് ചട്ടവിരുദ്ധമായി നൽകിയ എൻ.ഒ.സി ക്ക് സാധൂകരണം വരുത്തുന്നതിന് കുറഞ്ഞ കാലയളവിലേക്ക് റോഡ് ആക്സസ് ആയി വരുന്ന റവന്യൂ ഭൂമി ലീസിന് വാങ്ങുന്നതിനുള്ള ഗൂഢപദ്ധതിയുമായി ബന്ധപ്പെട്ടവർ നീങ്ങുന്ന വിഷയം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ; | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ജി) | ചട്ടവിരുദ്ധമായി നൽകിയ ഈ എൻ.ഒ.സി ക്യാൻസൽ ചെയ്ത് ഇത് നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ഇല്ലെങ്കിൽ എൻ.ഒ.സി ക്യാൻസൽ ചെയ്യാനും നടപടി എടുക്കാതിരിക്കാനുമുള്ള കാരണം വിശദമാക്കാമോ? | (ജി) | തുടർ നടപടികൾ സ്വീകരിക്കുന്നതിനായി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ കളക്ടറോട് ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ശ്രീ